**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** **01-02-2024 - ൽ മറുപടിയ്ക്ക്**

**എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ് കുടിശിക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലോവർ സെക്കണ്ടറി സ്കോളർഷിപ്പ്, അപ്പർ സെക്കണ്ടറി സ്കോളർഷിപ്പ് എന്നിവ നേടിയ വിദ്യാർത്ഥികൾക്ക് യഥാസമയം സ്കോളർഷിപ്പ് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്കോളർഷിപ്പ് നേടിയ എത്ര കുട്ടികൾക്ക് ആകെ എത്ര തുകയാണ് സ്കോളർഷിപ്പായി വിതരണം ചെയ്യാൻ കുടിശികയുള്ളത്; ഏത് വർഷം മുതലുള്ള സ്കോളർഷിപ്പ് തുകയാണ് കുടിശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 2019-20 മുതൽ 130353 കുട്ടികൾക്കായി 29.88 കോടി രൂപ കുടിശ്ശികയുണ്ട്. |
| (സി) | സമർത്ഥരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇത്തരം സ്കോളർഷിപ്പ് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കാത്തതിന്റെ കാരണം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കുടിശിക ഉൾപ്പടെ തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (സി) | ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തുക വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ